


# നല്ലവഴി നീളെ

**പ്രതിസന്ധികളെ അതിജീവിച്ച് സംസ്ഥാനത്ത് ദേശീയ, മലയോര, തീരദേശ ഹൈവേകളുടെ നിർമാണം അതിവേഗം മുന്നേറുകയാണ്. 2025ൽ കാസർകോട്–തിരുവനന്തപുരം ദേശീയപാത പൂർത്തിയാകും. ദേശീയപാതയ്ക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിച്ച സംസ്ഥാനം കേരളമാണ്. ദേശീയപാത 66 ന്റെ സ്ഥലം എറ്റെടുപ്പിന്റെ 25 ശതമാനം തുകയും വഹിച്ചത് സംസ്ഥാന സർക്കാരാണ്.**

**5580.73 കോടി**

പത്തനംതിട്ട പ്ലാച്ചേരി – കൂടൽ മണ്ണാറക്കുളഞ്ഞി മലയോര ഹൈവേ

**എസ് കിരൺ ബാബു**

**തിരുവനന്തപുരം**

പ്രതിസന്ധികളെല്ലാം അതിജീവിച്ച് സംസ്ഥാനത്ത് ദേശീയ, മലയോര, തീരദേശ ഹൈവേകളുടെ നിർമാണം അതിവേഗം മുന്നേറുകയാണ്. 2025 ഓടു കൂടി ചിരകാല സ്വപ്നമായ കാസർകോട്–തിരുവനന്തപുരം ദേശീയപാത പൂർത്തിയാകും. ദേശീയപാതയ്ക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിച്ച സംസ്ഥാനവും കേരളമാണ്. ദേശീയപാത 66 ന്റെ സ്ഥലം എറ്റെടുപ്പിന്റെ 25 ശതമാനം തുകയും വഹിച്ചത് സംസ്ഥാന സർക്കാരാണ്. ഇത് കേന്ദ്രസർക്കാർ പാർലമെന്റിൽ സമ്മതിക്കുകയും ചെയ്തു.

ഇതുവരെ സംസ്ഥാന വിഹിതമായി കൈമാറിയത് 5580.73 കോടി രൂപയാണ്. കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവൃത്തി ഈ സർക്കാരിന്റെ കാലത്ത് പൂർണമായും ട്രാക്കിലായി.

## തീരദേശ ഹൈവേ

ഭൂമി വിട്ടുനൽകുന്നവർക്ക് സമഗ്ര പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചതോടെ തീരദേശ ഹൈവേ പദ്ധതി അതിവേഗമായി. എല്ലാ ജില്ലയിലും ഭൂമിയേറ്റെടുക്കൽ നടപടി പുരോഗമിക്കുകയാണ്. 52 സ്ട്രെച്ചിൽ 623 കിലോമീറ്റർ ദൈർഘ്യത്തിൽ ഒമ്പത് ജില്ലയിലൂടെയാണ് പദ്ധതി കടന്നുപോകുന്നത്. 537 കിലോമീറ്റർ പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്നത്. ഇതിൽ 200 കിലോമീറ്റർ ദൂരത്തിൽ അതിർത്തി കല്ല് സ്ഥാപിച്ചു.

24 സ്ട്രെച്ചിലായി 415 കിലോമീറ്റർ ദൂരം ഭൂമി ഏറ്റെടുക്കാൻ സാമ്പത്തിക അനുമതിയായി. മൂന്ന് സ്ട്രെച്ചിൽ സ്ഥലം ഏറ്റെടുക്കലിനായി 139.9 കോടി രൂപ അനുവദിച്ചു. 35 സ്ട്രെച്ചിന്റെ ഡിപിആർ ആകുന്നു.

## മലയോര ഹൈവേ

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 54 റീച്ചിൽ 804.49 കി.മീ റോഡിന്റെ പ്രവൃത്തിയാണ് മലയോര ഹൈവേയിൽ പൂർത്തിയാക്കേണ്ടത് . ഇതിൽ മൂന്ന് റീച്ചിന് ഒഴികെ സാമ്പത്തിക അനുമതി ലഭ്യമായി. 467.03 കിലോ മീറ്റർ മലയോരപാതയ്ക്കും സാങ്കേതിക അനുമതിയായി. 351. 97 കിലോമീറ്ററിന്റെ (18 റീച്ച് ) നിർമാണം അതിവേഗമാണ്. 93 കിലോമീറ്ററിന്റെ (4 റീച്ച്) നിർമാണം പൂർത്തിയായി. ആലപ്പുഴ ഒഴികെ 13 ജില്ലയിലൂടെയാണ് പദ്ധതി കടന്നുപോകുന്നത്. നന്ദാരപ്പടവ് നിന്ന് തുടങ്ങി പാറശാലയിൽ അവസാനിക്കും.

# ഏജ്ജാതി യാത്ര

**ശരൺ ചന്ദ്രൻ**

**പത്തനംതിട്ട**

മലയോര ഹൈവേയുടെ ചിറകിലേറി പത്തനംതിട്ടയുടെ മുഖച്ഛായ മാറുകയാണ്. പുനലൂർ– മൂവാറ്റുപുഴ സംസ്ഥാന പാതയെ മലയോര ഹൈവേയുടെ അലൈൻമെന്റിൽ ഉൾപ്പെടുത്തിയതോടെയാണ് ഈ കുതിപ്പിന് വേഗത കൈവന്നത്. പ്ലാച്ചേരി മുതൽ കൂടൽ വരെയുള്ള 47 കിലോമീറ്ററാണ് ജില്ലയിലൂടെ കടന്നുപോകുന്നത്. ഇതിൽ പ്ലാച്ചേരി മുതൽ കോന്നി വരെയുള്ള റോഡിന്റെ നിർമാണം പൂർത്തിയായി. കോന്നി മുതൽ പുനലൂർ വരെയുള്ള റീച്ചിന്റെ നിർമാണം അവസാന ഘട്ടത്തിലാണ്. 22.179 കിലോമീറ്റർ ദൈർഘ്യമുള്ള പൊൻകുന്നം–പ്ലാച്ചേരി റീച്ചിന്റെ ഉദ്ഘാടനം കഴിഞ്ഞു. പദ്ധതി പൂർത്തീകരിക്കുന്നതോടെ എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കിഴക്കൻ മേഖലകളിൽ നിന്നുള്ള യാത്രക്കാർക്ക് തലസ്ഥാന നഗരിയിലേക്കുള്ള ഒരു സമാന്തര പാത തുറന്നുകിട്ടും. ശബരിമല തീർഥാടകർക്ക് വലിയ ഗുണം ചെയ്യും.

നിലവിലുള്ള കയറ്റവും വളവും ലഘൂകരിച്ച് റോഡ് സുരക്ഷ ഉറപ്പാക്കിയുള്ള നിർമാണമാണ് നടപ്പാക്കുന്നത്.



കാസർകോട് ദേശീയപാത

# പറപറക്കും പാത

**വിനോദ് പായം**

**കാസർകോട്**

സംസ്ഥാന സർക്കാർ ഏറ്റെടുത്തുനൽകിയ ഭൂമിയിൽ കാസർകോട്ട് പുതിയ ദേശീയപാത പറപറക്കും. കേരള കവാടമായ തലപ്പാടി– ചെർക്കള ആദ്യ റീച്ചിലെ പണി പകുതിയോളം പൂർത്തിയായി. അടുത്തവർഷം മേയിൽ എട്ടുവരിപ്പാത തുറക്കും. ഊരാളുങ്കലാണ് നിർമാണം. മറ്റിടങ്ങളിൽ ദേശീയപാത പൂർണമായും കേന്ദ്രപദ്ധതിയാണ്. ഇതിൽനിന്ന് വ്യത്യസ്തമായി സംസ്ഥാന സർക്കാർ 25 ശതമാനം തുക നൽകിയാണ് കേരളത്തിൽ ഭൂമി ഏറ്റെടുത്തത്.

മധ്യത്തിൽ രണ്ടുഭാഗത്തേക്കും ആറുവരിയും അരികിൽ രണ്ടുഭാഗത്തും സർവീസ് റോഡും അടക്കമാണ് എട്ടുവരിപ്പാത. 50 വർഷത്തിനിപ്പുറത്തെ വികസനം മുന്നിൽക്കണ്ടുള്ള അതിവേഗപാതയാണ് ഇത്. സംസ്ഥാനത്ത് ആദ്യം പൂർത്തിയാകാൻ പോകുന്ന തലപ്പാടി – ചെങ്കള റീച്ചിൽ 46 ശതമാനം പ്രവൃത്തി ഇതിനകം പൂർത്തിയായി. മെയ് അവസാനിക്കുമ്പോൾ ഇത് 50 ശതമാനമാകും. പ്രധാന റോഡായ ആറുവരിപ്പാതയുടെ വീതി 27 മീറ്ററാണ്.

ഒരുവരിക്ക് മൂന്നര മീറ്ററാണ് വീതി. ആറുവരിക്ക് 21 മീറ്റർ ഉപയോഗിക്കും. ബാക്കിയുള്ള ആറുമീറ്റർ ഷോൾഡർ പാത, സുരക്ഷാഭിത്തി, ഡിവൈഡർ എന്നിവയ്ക്കുപയോഗിക്കും. എല്ലാ റോഡും വരയിട്ട് വേർതിരിക്കും. സർവീസ് റോഡിനപ്പുറം മാറ്റിയിടുന്ന രണ്ട് മീറ്ററിലാണ് വൈദ്യുതി, വെള്ളം, കേബിൾ തുടങ്ങിയവ കടന്നുപോകുക.



പേരാമ്പ്ര ബൈപാസ്

# നീണ്ട് നിവർന്ന് പേരാമ്പ്ര

**പി പി സതീഷ് കുമാർ**

**പേരാമ്പ്ര**

ഇഴഞ്ഞിഴഞ്ഞ് ശ്വാസംമുട്ടിക്കിടന്ന ഒരു ദേശത്തിന്റെ ഭാവിയും വർത്തമാനവുമാണ് കേവലം രണ്ടേമുക്കാൽ കിലോമീറ്റർ ദൈർഘ്യമുള്ള പേരാമ്പ്ര ബൈപാസ് മാറ്റിമറിച്ചത്. നഗരക്കുരുക്കിൽ ചലനമറ്റ് കിടന്ന വാഹനങ്ങളുടെ നിര പേരാമ്പ്രക്കാരുടെ ഓർമയിൽനിന്ന് മാഞ്ഞു.

ഏപ്രിൽ 30ന് മുഖ്യമന്ത്രി തുറന്നുനൽകിയ ബൈപാസ് ദീർഘവീക്ഷണമുള്ള വികസന കാഴ്ചപ്പാടിന്റെ പ്രതീകമാണ്. വികസനവിരുദ്ധരുടെ എതിർപ്പിനെ ജനങ്ങളെ അണിനിരത്തി അതിജീവിച്ച കഥയും കോഴിക്കോട് –കുറ്റ്യാടി സംസ്ഥാന പാതയോട് ചേർന്ന് പണിത ബൈപാസ് പറയും. 2021 ഫെബ്രുവരിയിൽ പ്രവൃത്തി തുടങ്ങിയ ബൈപാസിനായി 27.96 കോടി രൂപ ചെലവഴിച്ച് 997 സെന്റാണ് പൊന്നുംവില നൽകി ഏറ്റെടുത്തത്. കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷനായി 25 മാസം കൊണ്ടാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ബൈപാസ് നിർമാണം പൂർത്തിയാക്കിയത്. 19.69 കോടി ചെലവിൽ 12 മീറ്റർ വീതിയുള്ള റോഡ്. സ്ഥലം ഏറ്റെടുക്കലിനും ബൈപാസ് നിർമാണവും കിഫ്ബി ഫണ്ട് നൽകി. 13 ഇടത്ത് ബൈപാസ് ലിങ്ക്റോഡുണ്ട്. 109 കൂറ്റൻ തെരുവുവിളക്കുകളും. 2008ൽ ആരംഭിച്ച് 2010ൽ പൂർത്തിയാകേണ്ടിയിരുന്ന ബൈപാസ് 12 വർഷം വൈകിപ്പിച്ചത് ജമാഅത്തെ ഇസ്ലാമിയും സോളിഡാരിറ്റിയും യുഡിഎഫും ചേർന്നാണ്. 1998ൽ എൽഡിഎഫ് സർക്കാർ ബൈപാസിന് ബജറ്റിൽ ടോക്കൺ തുക വകയിരുത്തിയിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചതോടെ സോളിഡാരിറ്റിയും ജമാഅത്തെ ഇസ്ലാമിയും സമരം തുടങ്ങി.

പേരാമ്പ്ര ടൗൺ നോക്കുകുത്തിയാകുമെന്ന് പ്രചരിപ്പിച്ചായിരുന്നു സമരം. കോടതിയെ സമീപിച്ച് നടപടി നിർത്തിവയ്പിച്ചു. സുപ്രീംകോടതി ബൈപാസിന് അനുകൂലമായി വിധി പ്രഖ്യാപിച്ചതോടെ നടപടി പുനരാരംഭിച്ചു. ബൈപാസ് തുറന്നതോടെ പേരാമ്പ്ര ടൗണിൽ പ്രവേശിക്കാതെ ചരക്കുവാഹനങ്ങൾ ഉൾപ്പെടെ സഞ്ചരിക്കുന്നതിനാൽ ഗതാഗതക്കുരുക്ക് പൂർണമായി ഒഴിവായി. കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള യാത്രയും സുഗമമായി. മലയോരത്തുനിന്നുള്ള വാഹനങ്ങളും പേരാമ്പ്ര ടൗൺ തൊടാതെ യാത്രതുടങ്ങി.

# ഇവിടുത്തെ റോഡാണ് റോഡ്

**കെ ടി രാജീവ്**

**ഇടുക്കി**

മലനാട്ടിലെ കാളവണ്ടിപ്പാതയ്ക്കും മൺറോഡുകൾക്കും വിട. ഇടുക്കിയുടെ മുഖച്ഛായ മാറിയ റോഡ് വികസനത്തിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് പീരുമേട് – ദേവികുളം മലയോര ഹൈവേയുടെ ഭാഗമായ കുട്ടിക്കാനം – ചപ്പാത്ത് റോഡ്. കിഫ്ബിയിൽനിന്ന് 90.34 കോടി രൂപയിൽ 18.3 കീലോമീറ്ററിലാണ് റോഡ് നിർമിച്ചത്. 12 മുതൽ 13.5 മീറ്റർ വരെയാണ് വീതി. ഏഴു മീറ്റർ കാര്യേജ് വേയും ഇരുവശങ്ങളിലും ഒരു മീറ്റർ വീതം പേവ്ഡ് ഷോൾഡറുകളുമുണ്ട്. സംരക്ഷണഭിത്തി, കലുങ്ക്, നടപ്പാത, മറ്റ് റോഡ് സുരക്ഷാസംവിധാനം ഉൾപ്പെടെ ആധുനിക നിലവാരത്തിലാണ് നിർമാണം പൂർത്തീകരിച്ചത്.




പീരുമേട് –ദേവികുളം മലയോര ഹൈവേ

# അഴകായി അരിക്കൊമ്പൻ വഴി

**ഇടുക്കി**

അരിക്കൊമ്പനെ പൂട്ടി പെരിയാർ റിസർവിലേക്ക് കൊണ്ടുപോയ റോഡിന്റെ അഴകും ചർച്ചയ്ക്ക് വഴിവച്ചിരുന്നു. കൊച്ചി–ധനുഷ്കോടി ദേശീയപാത 85ൽ ചിന്നക്കനാൽ മേഖലയെയും(16 കി. മീറ്റർ) പൂപ്പാറ മുതൽ കുമളി വരെ 70 കി.മീറ്റർ സംസ്ഥാനറോഡിനെയും ബന്ധപ്പെടുത്തിയായിരുന്നു ചർച്ച. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നൽകിയ നിർദേശപ്രകാരം 2017–18ലാണ് കേന്ദ്ര സർക്കാർ ചിന്നക്കനാൽ– പൂപ്പാറ റോഡിന്റെ പദ്ധതി അംഗീകരിച്ചത്. 300 കോടി രൂപ ആദ്യഘട്ടം അനുവദിച്ചു. റോഡിന്റെ നവീകരണത്തിന് 1.495 ഹെക്ടർ ഭൂമി വനം വകുപ്പിൽനിന്ന് ഏറ്റെടുത്തു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രത്യേക അവലോകന യോഗം ചേർന്നാണ് ഭൂമി ഏറ്റെടുത്തത്. സ്റ്റേറ്റ് എൻഎച്ച് ആണ് പ്രവൃത്തി പൂർത്തീകരിച്ചത്. പൂപ്പാറ കുമളി റോഡ് സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ളതും. ദേശീയപാതയെ വെല്ലുംവിധം 50 കോടിരൂപ ചെലവിലാണ് ഇത് നിർമിച്ചത്. എം എം മണി എംഎൽഎയുടെ ശ്രമഫലമായി വിവിധ ഘട്ടങ്ങളിൽ പദ്ധതികൾക്കായി തുക അനുവദിച്ചു.



കൊച്ചി-ധനുഷ്കോടി ദേശീയപാത